കമ്മിറ്റിയോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയോ, അതതു സമയം നിർദ്ദേശം നൽകാവുന്ന പ്രകാരമുള്ളതോ ആയ അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക എന്നിവയാണ്.

(സി) ഉൾപ്പെടുന്നുണ്ട്. സംസ്ഥാനത്തിനകത്തെ നാഗരികവും പാരിസ്ഥിതികവുമായ രൂപരേഖയുടെ സൗന്ദര്യാത്മകമായ ഗുണനിലവാരം സംരക്ഷിക്കുക, വികസിപ്പിക്കുക, നിലനിർത്തുക എന്നിവയാണ് കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

കേരള ടൗൺ & കൺട്രി പ്ലാനിംഗ് കമ്മീഷൻ

166 (1604) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൗൺ & കൺട്രി പ്ലാനിംഗ് കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാം ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ഈ കമ്മീഷന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) (i) സംസ്ഥാനത്തെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ സ്ഥല സംബന്ധമായ ആസൂത്രണത്തിനും വികസനത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള നയരൂപീകരണം സംബന്ധിച്ച കാര്യങ്ങളിന്മേൽ സർക്കാരിന് ഉപദേശം നൽകുക.

(ii) ജില്ലാ ആസൂത്രണ കമ്മിറ്റികളും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റികളും ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് സ്പേഷ്യൽ പ്ലാനിംഗ് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശവും ഉപദേശവും നൽകുക.

(iii) സംസ്ഥാനത്തിനുവേണ്ടിയുള്ള ദീർഘവീക്ഷണ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും അർദ്ധസർക്കാർ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്ഥല സംബന്ധമായ ആസൂത്രണവും വികസനപ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക ; ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ കീഴിലുള്ള സംസ്ഥാന ദീർഘവീക്ഷണപ്ലാൻ തയ്യാറാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർ പേഴ്സൺ, ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ധനകാര്യ വകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഗതാഗത വകുപ്പ് എന്നിവയുടെ സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഗവൺമെന്റ് സെക്രട്ടറിമാർ, ചീഫ് ടൗൺ പ്ലാനർ, ലാൻഡ് റവന്യൂ കമ്മീഷണർ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) ചീഫ് എഞ്ചിനീയർ, വനം-വന്യജീവി വകുപ്പ മേധാവി, കേരളാ സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർപേഴ്സൺ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചെയർപേഴ്സൺ, കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് എം.പി.-മാർ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് എം.എൽ.എ. മാർ (ഇതിൽ ഒരാൾ പ്രതിപക്ഷ നേതാവ് ആയിരിക്കണം), സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് ജില്ലാ/മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ചേംബർ ഓഫ് മേയേഴ്സിന്റെ ചെയർ പേഴ്സൺ, കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, സർക്കാർ നോമിനേറ്റ് ചെയ്യുന്ന മൂന്ന് നോൺ ഒഫീഷ്യൽ മെമ്പർമാർ (ഇതിൽ രണ്ടുപേർ ട്രാൻസ്പോർട്ടേഷൻ, കൃഷി അല്ലെങ്കിൽ സാമ്പത്തിക ശാസ്ത്രം എന്നിവയിൽ പ്രത്യേക പരിജ്ഞാനവും പ്രായോഗിക പരിചയവുമുള്ളവരും, ഒരാൾ ടൗൺ ആന്റ് കൺട്രി പ്ലാനിംഗിൽ വൈദഗ്ധ്യവും, യോഗ്യതയുമുള്ളയാളും ആയിരിക്കണം) എന്നിവർ ഉൾപ്പെടുന്നു.

(സി) ഇല്ല.

കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

167 (1605) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ് തയ്യാറാക്കിയതിന്റെ പശ്ചാത്തലം വിശദമാക്കുമോ ;

(ബി) ഇപ്പോൾ ഏതെല്ലാം നഗരങ്ങൾക്കാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ പുരോഗതി വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നഗര ഗ്രാമാസൂത്രണകാര്യത്തെ സംബന്ധിച്ച് ഒരു ഏകീകൃത നിയമം നിലവിൽ ഉണ്ടായിരുന്നില്ല. നഗര ഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്നത് പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തിനും മലബാർ പ്രദേശത്തിനും യഥാക്രമം ബാധകമായിരുന്ന 1108, (ME)-ലെ ടൗൺ

LIBRARY ARCHIVES Kerala Legislative Assembly